കേരള സർക്കാർ

ജല വിഭവ വകുപ്പ് (ചെറുകിട ജലസേചന ഉപവിഭാഗം)

ദർഘാസ് പരസ്യം

നം.ഡി.ബി1.1233/2015 തീയതി-07/03/2018

കേരള ഗവർണർക്ക് വേണ്ടി അസി.എക്സി.എഞ്ചിനീയർ, ചെറുകിട ജലസേചന ഉപവിഭാഗം കൊട്ടാരക്കര താഴെ പറയുന്ന പ്രവർത്തികൾക്ക് (ക്രമ നമ്പർ 1 മുതൽ 4 വരെ) 19/03/2018 ഉച്ചക്ക് ശേഷം 3 മണി വരെ പൊതുമരാമത്ത്/ജലവിഭവ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിശ്ചിത യോഗ്യതയുള്ള (ഡി ക്ലാസിലോ അതിന് മുകളിലോ ഉള്ള) അംഗീകൃത കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ച് കൊള്ളുന്നു.

പ്രസ്തുത ദിവസം 3.30 മണിക്ക് അസി.എക്സി.എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറന്ന് പരിശോധിക്കുന്നതാണ്. എതെങ്കിലും കാരണത്താൽ പ്രസ്തുത ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത ദിവസം നിശ്ചിത സമയങ്ങളിൽ ദർഘാസുകൾ സ്വീകരിക്കുന്നതും തുറന്ന് പരിശോധിക്കുന്നതുമാണ്.

ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാർ അവരുടെ ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ദർഘാസിനോടൊപ്പം കർശനമായും സമർപ്പിക്കേണ്ടതാണ്. ഇന്ദിരാവികാസ് പത്ര നിരതദ്രവ്യമായി സ്വീകരിക്കുന്നതല്ല. ലേബർ കോൺട്രക്ട് സൊസൈറ്റികൾ ദർഘാസിനോടൊപ്പം അവരുടെ യോഗ്യത, കൈവശമുള്ള പണികൾ അവർക്കെടുക്കാവുന്ന പണികളുടെ സാമ്പത്തിക പരിധി മുതലായവ ഉൾക്കൊള്ളുന്ന സർട്ടിഫിക്കേറ്റുകളും ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറിൽ നിന്ന് ലഭിച്ചത് ദർഘാസ് വാങ്ങുന്ന സമയം യോഗ്യത പരിശോധിക്കാൻ ഹാജരാക്കേണ്ടതും ആയത് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. കൂടാതെ ദർഘാസിൽ

മറുപുറം

Scanned by CamScanner

പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ടി പ്രവർത്തിക്കായി നിയോഗിക്കുവാൻ ഉദ്ദേശിക്കുന്ന അംഗങ്ങളുടെ തിരിച്ചറിയൽ രേഖ ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസ് പ്രമാണത്തിന്റെ വില നിർദ്ദിഷ്ട അക്കൗണ്ടിൽ അടച്ച് രസീത് ഹാജരാക്കുന്ന മുറയ്ക്ക് ദർഘാസ് പ്രമാണങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ടി കാര്യാലയത്തിൽ നിന്നും വിതരണം ചെയ്യുന്നതായിരിക്കും.

ദർഘാസുകൾ പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്ര വച്ച കവറുകളിൽ രജിസ്ട്രേർഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖേന സമർപ്പിക്കേണ്ടതാണ്. (NB: കൊറിയർ വഴി അയയ്ക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല). തപാലിൽ ഉണ്ടാകുന്ന കാലതാമസങ്ങൾക്ക് ഈ വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

ദർഘാസ് വിതരണം ചെയ്യുന്ന തീയതി - 14/03/2018 1 മണി വരെ

ദർഘാസ് സ്വീകരിക്കുന്ന തീയതി - 19/03/2018 3 മണി വരെ

ദർഘാസ് തുറക്കുന്ന തീയതി - 19/03/2018 3.30 മണി

ക്രമ നമ്പർ, ദർഘാസ് നമ്പർ, പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, നിരതദ്രവ്യം, കാലാവധി, ദർഘാസ് ഫോറത്തിന്റെ വില എന്നീ ക്രമത്തിൽ താഴെ കൊടുക്കുന്നു.

| ക്രമ നം. | ദർഘാസ് നമ്പർ | പ്രവർത്തിയുടെ പേര് | അടങ്കൽ തുക | നിരതദ്രവ്യം | പ്രവർത്തി പൂർത്തീകരിക്കേണ്ട കാലാവധി | ദർഘാസ് ഫോറം വില |
|---|---|---|---|---|---|---|
| 1 | 32/എ.ഇ.ഇ./എം.ഐ./2017-18 | ശൂരനാട് വടക്ക് പഞ്ചായത്തിലെ 1-ാം നം.എൽ.ഐ.സ്റ്റേഷനിലെ പമ്പിന്റെയും മോട്ടോറിന്റെയും വാർഷിക അറ്റകുറ്റപണി | 94861/- രൂപ | 2400/- രൂപ | 3 മാസം | 500+ജി.എസ്.ടി. |
| 2 | 33/എ.ഇ.ഇ./എം.ഐ./2017-18 | ശൂരനാട് വടക്ക് പഞ്ചായത്തിലെ 3-ാം നം.എൽ.ഐ.സ്റ്റേഷനിലെ പമ്പിന്റെയും മോട്ടോറിന്റെയും വാർഷിക അറ്റകുറ്റപണി | 141840/- രൂപ | 3600/- രൂപ | 3 മാസം | 500+ജി.എസ്.ടി. |

Scanned by CamScanner

| | | | | | | |
|---|---|---|---|---|---|---|
| 3 | 34/എ.ഇ.ഇ./എം.ഐ./2017-18 | ശൂരനാട് വടക്ക് പഞ്ചായത്തിലെ 5-ാം നം.എൽ.ഐ.സ്റ്റേഷനിലെ പമ്പിന്റെയും മോട്ടോറിന്റെയും വാർഷിക അറ്റകുറ്റപണി | 73864/- രൂപ | 1900/- രൂപ | 3 മാസം | 500+ജി.എസ്.ടി. |
| 4 | 35/എ.ഇ.ഇ./എം.ഐ./2017-18 | ശൂരനാട് വടക്ക് പഞ്ചായത്തിലെ കാഞ്ഞിരത്തുംകടവ് എൽ.ഐ.സ്റ്റേഷനിലെ പമ്പിന്റെയും മോട്ടോറിന്റെയും വാർഷിക അറ്റകുറ്റപണി | 110401/- രൂപ | 2800/- രൂപ | 5 മാസം | 500+ജി.എസ്.ടി. |

പൊതുമരാമത്ത് വകുപ്പിലും ജലവിഭവവകുപ്പിലും ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ചെറുകിട ജലസേചന ഉപവിഭാഗം, കൊട്ടാരക്കര

(കേരള ഗവർണ്ണർക്ക് വേണ്ടി)

പകർപ്പ് - എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന വിഭാഗം, കൊല്ലം

എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഐ.പി..ആർ.ബി.ഡിവിഷൻ, കൊട്ടാരക്കര

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഐ.പി..സബ്ഡിവിഷൻ, കൊട്ടാരക്കര

അസിസ്റ്റന്റ് എഞ്ചിനീയർ, എം.ഐ.സെക്ഷൻ, ശാസ്താംകോട്ട

സെക്രട്ടറി, ഗ്രാമപഞ്ചായത്ത് - ശൂരനാട് വടക്ക്

ജനറൽ സെക്രട്ടറി, ആൾ കേരള ഗവ.കോൺട്രാക്ടേഴ്സ് അസോസിയേഷൻ, കൊല്ലം

ഓഫീസ് നോട്ടീസ് ബോർഡ്/ഫയൽ, www.irrigation.kerala.gov.in

Scanned by CamScanner